**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318** **28-06-2024 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സിന്റെ തൊഴിൽ റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 1983-ലെ എമിഗ്രേഷൻ ആക്റ്റ് പ്രകാരം വ്യവസ്ഥാപിതവും നിയമപരവും സുരക്ഷിതവുമായ വിദേശ തൊഴിൽ റിക്രൂട്ട്മെന്റിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള രാജ്യാന്തര റിക്രൂട്ട്മെന്റ് ലൈസൻസുള്ള ഏജൻസിയായി മാറാൻ നോർക്ക റൂട്ട്സിന് കഴിഞ്ഞിട്ടുണ്ടോ; | (എ) | 1983 ലെ എമിഗ്രേഷൻ ആക്ട് പ്രകാരം വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും റിക്രൂട്ട്മെന്റ് ലൈസൻസ് ലഭിച്ചിട്ടുള്ള നോർക്ക-റൂട്ട്സിന് വ്യവസ്ഥാപിതവും നിയമപരമവും സുരക്ഷിതവുമായ വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് ഏജൻസിയായി മാറാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിലേയ്ക്കാണ് നോർക്ക റൂട്ട്സ് വഴി തൊഴിൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നതെന്ന് അറിയിക്കാമോ; ഇതുവരെ നടത്തിയ റിക്രൂട്ട്മെന്റിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | നിലവിൽ ജർമ്മനി, യു.കെ., കാനഡ, കുവൈറ്റ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ അതത് ഗവൺമെന്റ് ഏജൻസികളുമായുള്ള MoU ന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ് നടന്നു വരുന്നു. നാളിതുവരെ 3200 ലധികം പേർക്ക് വിദേശ തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മേൽ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിനായി 1500 ലധികം പേരെ തെരഞ്ഞെടുക്കുകയും തുടർനടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | പുതുതായി ഏതെല്ലാം രാജ്യങ്ങളിലേയ്ക്കുള്ള തൊഴിൽ റിക്രൂട്ട്മെന്റിനുള്ള സാധ്യതകളാണ് ഏജൻസി ആരായുന്നത്; | (സി) | പുതുതായി ഫിൻലാൻഡ്, ജോർദാൻ, യു.എ.ഇ, ഓസ്ട്രേലിയ, മൗറീഷ്യസ് എന്നീ രാജ്യങ്ങളിലേക്കായുള്ള റിക്രൂട്ട്മെന്റിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |
| (ഡി) | നോർക്ക റൂട്ട്സ് വഴി നടത്തിവരുന്ന തൊഴിൽ റിക്രൂട്ട്മെന്റിന് ഫീസ് ഈടാക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ജി.സി.സി. രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുകൾക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി വരുന്നുണ്ട്. അത് എമിഗ്രേഷൻ നിയമ പ്രകാരം വിദേശകാര്യ മന്ത്രാലയം നിശ്ചയിച്ചിരിക്കുന്ന തുകയായ 30,000/- രൂപ + GST എന്ന പരിധിയിൽ നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുകൾക്ക് തൊഴിൽ ദാതാക്കളും രാജ്യങ്ങളും അനുസരിച്ച് വ്യത്യസ്ത നിരക്കുകളാണ് ഈടാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ